# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത | 07.06.2018-ൽ |
| ചോദ്യം നമ്പർ - 1315 | മറുപടിയ്ക്ക് |

## കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതുമരാമത്ത് പ്രവൃത്തികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയ പൊതു മരാമത്ത് പ്രവൃത്തികൾ നടപ്പിലാക്കാൻ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കുമൊ; | (എ) ഉണ്ട്. കിഫ്ബി മുഖാന്തിരം നടപ്പിലാക്കുന്ന എല്ലാ പദ്ധതികളും തന്നെ സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ച് സാമ്പത്തികാനുമതി ലഭ്യമാക്കിയ ശേഷം മാത്രമേ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ സാധ്യമാകുകയുള്ളൂ. വളരെ കുറച്ച് ഇൻവെസ്റ്റിഗേഷൻ ഏജൻസികൾ മാത്രം ഈ മേഖലയിൽ ഉള്ളതിനാലും, ഇൻവെസ്റ്റിഗേഷൻ ടെണ്ടറുകളിൽ കരാറുകാർ പങ്കെടുക്കാത്തതിനാലും ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം നേരിടുന്നുണ്ട്. |
| (ബി) ഇൻവെസ്റ്റിഗേഷൻ, സ്റ്റഡി, ഡി.പി. ആർ. തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടി, പ്രവൃത്തി പൂർത്തീകരിക്കൽ; എന്നീ കിഫ്ബി വർക്കുകൾക്ക് സമയക്രമം നിശ്ചയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ അറിയിക്കാമോ; | (ബി) ഇൻവെസ്റ്റിഗേഷൻ, സ്റ്റഡി, ഡി.പി. ആർ. തയ്യാറാക്കൽ, ഭരണാനുമതി, സാങ്കേതികാനുമതി, ടെണ്ടർ നടപടി, എന്നിവയ്ക്ക് പ്രത്യക സമയ ക്രമം നിശ്ചയിച്ചിട്ടില്ല. പ്രവൃത്തി പൂർത്തീകരണത്തിന് സമയ പരിധി നിശ്ചയിക്കാറുണ്ട്. എന്നാൽ പൊതുവെ കാലതാമസം പാടില്ലാത്തതിനാൽ ഇൻവെസ്റ്റിഗേഷൻ ഡി.പി.ആർ. തയ്യാറാക്കൽ, ഭരണാനുമതി |

ലഭ്യമാക്കൽ എന്നിവ എത്രയും വേഗം നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കിഫ്ബി പദ്ധതികൾ നടപടി ക്രമങ്ങളും മാനദണ്ഡങ്ങളും ലഘൂകരിച്ച് എളുപ്പത്തിൽ നടപ്പിലാക്കാൻ സർക്കാർ ചെയ്യുന്ന കാര്യങ്ങൾ വിശദമാക്കുമോ?

(സി) കിഫ്ബി നിശ്ചയിച്ച പ്രകാരമുള്ള നടപടിക്രമങ്ങളും മാനദണ്ഡങ്ങളും പാലിച്ചാണ് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത്.

സെക്ഷൻ ഓഫീസർ